ഭരണഭാഷ - മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പൂർണ്ണ അധിക ചുമതലയുള്ള അഡീഷണൽ ഡയറക്ടറുടെ(ജനറൽ) നടപടി ഉത്തരവ്

സാന്നിദ്ധ്യം ജെസ്സി ജോസഫ്

വിഷയം;- പൊതുവിദ്യാഭ്യാസം - ജീവനം - ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സമാന തസ്തികയിലെ സ്ഥാനക്കയറ്റം സംബന്ധിച്ച്.

വായന;- 1. ഈ ഓഫീസിലെ ഉത്തരവ് നം.ഡി5/3100/2016/ഡിപിഐ തീയതി. 09.08.2016 & 17.06.2016, 10.11.2016, 29.11.2016, 03.01.2017, 16.03.2017 & 21.03.2017.

2. ഈ ഓഫീസിലെ 21.12.2011 ലെ ഡി5/6464/2011 നമ്പർ ഉത്തരവ്.

3. 15.02.2017 ലെ ശ്രീമതി.പി.എൻ.വസന്തകുമാരിയുടെ അപേക്ഷ.

ഉത്തരവ് നം.ഡി5/6000/2017/ഡിപിഐ തീയതി.11.04.2017.

മലപ്പുറം ജില്ലയിലെ പാങ്ങ് ജി.എച്ച്.എസ് ലെ ഹൈസ്കൂൾ അസിസ്റ്റന്റ് ആയിരുന്ന ശ്രീമതി.പി.എൻ.വസന്തകുമാരിയെ (റാങ്ക് നമ്പർ 899 എ/86-90) ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/റ്റി.റ്റി.ഐ പ്രിൻസിപ്പാൾ സമാന തസ്തികകളിലേക്ക് സൂചന (2) പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. പ്രസ്തുത സ്ഥാനക്കയറ്റം ടി അദ്ധ്യാപിക 4 വർഷത്തേക്ക് പരിത്യജിക്കുകയുണ്ടായി. തന്റെ സ്ഥാനക്കയറ്റം പരിത്യജിച്ച കാലാവധി പൂർത്തീകരിച്ച സാഹചര്യത്തിൽ സ്ഥാനക്കയറ്റം ലഭിക്കണമെന്ന് സൂചന (3) പ്രകാരം അപേക്ഷിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന പ്രകാരം ടി അദ്ധ്യാപികയെ സ്ഥാനക്കയറ്റം നൽകി സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/റ്റി.റ്റി.ഐ പ്രിൻസിപ്പാൾ സമാന തസ്തികകളിലേക്ക് 39500-83000/- ശമ്പള നിരക്കിൽ1958 ലെ കെ.എസ്. & എസ്.എസ്.ആർ ഭാഗം II ചട്ടം 31 എ(1) പ്രകാരം ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ. നം | റാങ്ക് നം. | പേര് | മേൽ വിലാസം | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്കൂൾ/സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 899 എ/86-50 | പി.എൻ.വസന്തകുമാരി | എച്ച്.എസ്.എ ഗവൺമെന്റ് എച്ച്.എസ്. പാങ്ങ്, മലപ്പുറം | 20.07.61 | ഹെഡ്മാസ്റ്റർ ജി.എച്ച്.എസ്. എസ് കാരുപടന്ന, തൃശ്ശൂർ | പരിത്യജനം പൂർത്തീകരിച്ചു |

സ്ഥാപന മേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകരെ ഉടൻ പ്രാബല്യത്തിൽ പുതിയ ലാവണങ്ങളിലേക്ക് വിടുതൽ ചെയ്യുകളയും ആ വിവരം ഈ ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ 7

ദിവസത്തിനുള്ളിൽ പരിത്യാജപത്രം നിയന്ത്രണാധികാരി മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാനക്കയറ്റം പരിത്യജിക്കുന്നത് സംബന്ധിച്ച് സർക്കാർ 07.12.1991 ൽ പുറപ്പെടുവിച്ച ജി.ഒ (പി)39/91/പി&എ.ആർ.ഡി നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹെഡ്മാസ്റ്റർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. അംഗീകൃത സർവ്വകലാശാലയുടെ ഡിഗ്രി.
2. അംഗീകൃത സർവ്വകലാശാലയുടെ ബി.എഡ്/ബി.റ്റി/എൽ.റ്റി
3. അക്കൗണ്ടന്റ് ടെസ്റ്റ് ലോവർ & കെ.ഇ.ആർ ടെസ്റ്റ്.
4. 12 വർഷത്തെ തുടർച്ചയായ എച്ച്.എസ്.എ ഗ്രേഡ് സർവ്വീസ്.

സ്ഥാപനമേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപികക്ക് മുകളിൽ പ്രസ്താവിച്ച യോഗ്യതകൾ ഉണ്ടോയെന്ന് സേവനപുസ്തകം പരിശോധിച്ച ശേഷം മാത്രമേ സ്ഥാനക്കയറ്റം ലഭിച്ച ലാവണത്തിലേക്ക് വിടുതൽ ചെയ്യാവു എന്ന് കർശനമായി നിർദ്ദേശം നൽകുന്നു.

കേരള ഫിനാൻഷ്യൽ കോഡ് പാർട്ട് 1 അദ്ധ്യായം 5 ചട്ടം 93 (എ) പ്രകാരം റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് അനുസരിച്ച് സ്ഥാപനത്തിന്റെ ചാർജ്ജ് എടുക്കുകയും കൈമാറുകയും ചെയ്യാവുന്നതാണ്. സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപികയുടെ സീരിയൽ നമ്പർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജിന്റെ (ആർ.റ്റി.സി) മുകൾഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. ആർ.റ്റി.സി യിൽ വീടിന്റെ മേൽവിലാസവും വ്യക്തിഗത ടെലിഫോൺ നമ്പരും താഴെയായി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എസ്.സി. എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകർക്ക് ഡിപ്പാർട്ടമെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്ന് 3 വർഷത്തെ ഇളവുമാത്രമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. 3 വർഷം പൂർത്തിയാകുമ്പോൾ ഡിപ്പാർട്ടമെന്റ് ടെസ്റ്റ് യോഗ്യത നേടിയില്ലായെങ്കിൽ നൽകിയ സ്ഥാനക്കയറ്റം റദ്ദ് ചെയ്ത് തരംതാഴ്ത്തുന്നതാണെന്നും അറിയിക്കുന്നു.

പുതിയ ലാവണങ്ങളിൽ പദവി ഏറ്റെടുത്ത ശേഷം ആയത് മേലാഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.(www.educationkerala gov.inDPI Announcements)

ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു. സ്ഥാപന മേധാവികൾക്ക് ഈ ഓഫീസിൽ നിന്നും പ്രത്യേകമായി ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. പൊതുസ്ഥലം മാറ്റത്തിൽ ടി നിയമനം ആവശ്യമെങ്കിൽ പുനഃപരിശോധനക്ക് വിധേയമാക്കുന്നതാണ്.

സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ/റ്റി.റ്റി.ഐ പ്രിൻസിപ്പാൾ സമാന തസ്തികകളിലേക്ക് നടത്തിയിരിക്കുന്ന ഈ സ്ഥാനക്കയറ്റം 1968 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം-2,റൂൾ-31 എ (1) പ്രകാരം പൂർണ്ണമായും താൽകാലികമാണ്. ടി സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോദ്ധ്യപ്പെട്ടാൽ ആയത് പുനഃ പരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

(ഒപ്പ്)
ജെസ്സി ജോസഫ്
അഡീഷണൽ വിദ്യാഭ്യാസ ഡയറക്ടർ(ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (പൂർണ്ണ അധിക ചുമതല)

അംഗീകാരത്തോടെ

സൂപ്രണ്ട്

സ്വീകർത്താക്കൾ.

1. ബന്ധപ്പെട്ട ഹെഡ്മാസ്റ്ററന്മാർക്ക്ന്.
2. ബന്ദപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
4. അക്കൗണ്ടന്റ് ജനറൽ (ഇ &ഇ) തിരുവനന്തപുരം
5. കരുതൽ ഫയൽ.